പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1200 **15-10-2026-ൽ മറുപടിയ്ക്ക്**

പത്തനാപുരം ആസ്ഥാനമായി പുതിയ വിദ്യാഭ്യാസ ഉപജില്ല

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജ്യോതികുമാർ ചാമക്കാല ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) പത്തനാപുരം ആസ്ഥാനമായി പുതിയ വിദ്യാഭ്യാസ ഉപജില്ല രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

മറുപടി: പത്തനാപുരം ആസ്ഥാനമായി ഉപജില്ല ആരംഭിക്കുന്നത് സംബന്ധിച്ച പത്തനാപുരം എം.എൽ.എ ശ്രീ.ജ്യോതികുമാർ ചാമക്കാല സമർപ്പിച്ച കത്ത് പ്രകാരം ബഹു. പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷക്ഷേമ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 30.09.2026 ന് ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം ഗ്രാമ പഞ്ചായത്ത് തലത്തിൽ സ്കൂളുകളെ വിഭജിക്കാത്ത രീതിയിൽ പത്തനാപുരം ആസ്ഥാനമായി ഉപജില്ല രൂപീകരിക്കുന്നത് സംബന്ധിച്ച പുതിയ വിശദമായ പ്രപ്പോസൽ സമർപ്പിക്കുന്നതിന് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്

(ബി) ഇപ്പോൾ വിദ്യാഭ്യാസ ഉപജില്ല തുടങ്ങാനുള്ള നടപടിയിലേക്ക് കടക്കാനിടയായത് ഏത് നിയമസഭാ സാമാജികന്റെ അഭ്യർത്ഥന പ്രകാരം ആണെന്ന് അറിയിക്കാമോ;

മറുപടി: ശ്രീ. ജ്യോതികുമാർ ചാമക്കാല, പത്തനാപുരം എം.എൽ.എ

(സി) പത്തനാപുരത്ത് വിദ്യാഭ്യാസ ഉപജില്ല ആരംഭിക്കുന്നതിന് അനുകൂലമായി വിശദമായ റിപ്പോർട്ട് 2003-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ കഴിഞ്ഞ 23 വർഷമായി ഇതിൻമേൽ തുടർനടപടി ഉണ്ടാകാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

മറുപടി: വിവരം ശേഖരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ